ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) 2047 ആകുമ്പോഴേക്കും ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനുള്ള പ്രയത്നത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   India Must Be a Developed Nation by 2047, No Compromise, says PM Modi.

2) രാജ്യത്തെ പരമോന്നത ബഹുമതിയായ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും.

   President Droupadi Murmu to Confer Padma Awards, India's Highest Civilian Honours, Today.

3) കേരളത്തിൽ അതിതീവ്ര മഴ തുടരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത; വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ്. ശക്തമായ മഴയിൽ വ്യാപക നാശനഷ്ടം.

   Heavy Rains Continue in Kerala; Red Alert in Kozhikode, Wayanad, Kannur; Flood Warning in Rivers; Widespread Damage as Heavy Rains Pound Kerala.

4) കൊങ്കൺ, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിലും കാലവർഷം ശക്തം.

   Monsoon Gains Strength in Konkan, Goa, and Maharashtra.

5) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും.

Lucknow Super Giants Set to Clash with Royal Challengers Bangalore in Today's IPL Match.

********************

## PREZ PADMA AWARDS

രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും. വൈകുന്നേരം രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിലാണ് പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മ ശ്രീ എന്നീ വിഭാഗങ്ങളിലെ 68 പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിക്കുക. ഈ വർഷം പ്രഖ്യാപിച്ച 139 പത്മ പുരസ്കാരങ്ങളിൽ 71 എണ്ണം നേരത്തെ നടന്ന ആദ്യ സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിൽ രാഷ്ട്രപതി സമ്മാനിച്ചിരുന്നു.

********************

## PM-GUJARAT ( INTRO)

2047 ആകുമ്പോഴേക്കും ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനുള്ള പ്രയത്നത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകമെമ്പാടും വികസിത ഭാരതത്തിന്റെ പതാക ഉയർന്നു പറക്കുന്ന വിധത്തിൽ സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗുജറാത്തിലെ നഗരവളർച്ചയുടെ 20 വർഷം സ്മരിച്ചു കൊണ്ട് ഗാന്ധിനഗറിൽ സംഘടിപ്പിച്ച പ്രത്യേക പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

( വോയിസ്....)

പുരോഗതിയും വികസനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഇന്ത്യയ്ക്ക് നേരെയാണ് പാകിസ്ഥാൻ അക്രമം അഴിച്ചു വിട്ടതെന്ന് അദ്ദേഹം പറഞ്ഞു. എല്ലാവരുടെയും ക്ഷേമം ആഗ്രഹിച്ച ഇന്ത്യ, സഹായം ആവശ്യമുള്ളവരുടെ കൂടെ നിൽക്കുകയാണ് ചെയ്യതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. രാവിലെ ഗാന്ധിനഗറിൽ 'ഓപ്പറേഷൻ സിന്ദൂർ സമ്മാൻ യാത്ര' യും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

********************

## RAJNATH SINGH-ACMA

ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുക ലക്ഷ്യമിട്ടുള്ള അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റ് പ്രോഗ്രാം എക്സിക്യൂഷൻ മോഡലിന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അംഗീകാരം നൽകി. ആഭ്യന്തര എയ്റോസ്പേസ് വ്യാവസായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം. സ്വകാര്യ, പൊതു മേഖലകൾക്ക് മത്സരാധിഷ്ഠിത അടിസ്ഥാനത്തിൽ തുല്യ അവസരങ്ങൾ നൽകാൻ ഇത്തരം നടപടികളിലൂടെ സാധിക്കുമെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. എയ്റോസ്പേസ് മേഖലയിൽ സ്വാശ്രയത്വം ഉറപ്പാക്കുന്നതിന് തദ്ദേശീയ വൈദഗ്ദ്ധ്യം, ശേഷി, എന്നിവ പ്രയോജനപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് മന്ത്രാലയം കൂട്ടിച്ചേർത്തു.

*********************

## ALL PARTY DELEGATION (INTRO )

ഭീകരതയെ പിന്തുണയ്ക്കുന്ന പാകിസ്ഥാന്റെ നയങ്ങൾ ലോകത്തിനു മുന്നിൽ തുറന്നുകാട്ടുന്നത് ലക്ഷ്യമിട്ട് ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു. കോൺഗ്രസ് എംപി ശശി തരൂരിന്റെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ഗയാനയിൽ പ്രസിഡന്റ് മുഹമ്മദ് ഇർഫാൻ അലിയുമായി കൂടിക്കാഴ്ച നടത്തി. ഭീകരാക്രമണങ്ങളിൽ നിന്ന് സ്വയം പ്രതിരോധിക്കാനുള്ള അവകാശത്തിന് ഗയാന പൂർണ്ണ പിന്തുണ നൽകിയതായി ശ്രീ തരൂർ പറഞ്ഞു. ജെഡിയു എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം സിംഗപ്പൂരിലെ വിദേശകാര്യ, ആഭ്യന്തര സഹമന്ത്രിയെ സന്ദർശിച്ചു. ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ നിലപാട് പ്രതിനിധി സംഘം അറിയിച്ചു. അതേസമയം, ഖത്തർ സന്ദർശനം പൂർത്തിയാക്കിയ സുപ്രിയ സുലെ എംപിയുടെ നേതൃത്വത്തിലുള്ള സംഘം ഇന്ന് ദക്ഷിണാഫ്രിക്കയിലേക്ക് പുറപ്പെടും. ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനം ഖത്തർ ഭരണകൂടം ഇന്ത്യൻ പ്രതിനിധി സംഘത്തെ അറിയിച്ചു. ബിജെപി എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം പാരീസിൽ ഇന്ത്യൻ പ്രവാസികളുമായി കൂടിക്കാഴ്ച നടത്തി.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ ഒരുമിച്ച് നിൽക്കുമെന്ന് ശ്രീ രവിശങ്കർ പ്രസാദ് പറഞ്ഞു.
( വോയിസ്.... )

*********************

## RAIN-KERALA

കേരളത്തിൽ അതിതീവ്ര മഴ തുടരുന്നു. വരും ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും മറ്റ് എല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ പ്രളയ സാധ്യതയ്ക്കുള്ള ഓറഞ്ച് ജാഗ്രത നൽകി. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 30 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

*********************

## RAIN DESTRUCTION

ശക്തമായ മഴയിൽ കേരളത്തിൽ വ്യാപക നാശനഷ്ടം. പലയിടങ്ങളിലും റോഡിലേക്ക് മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. നദികളിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. ട്രെയിൻ ഗതാഗതവും ഭാഗികമായി തടസ്സപ്പെട്ടു. നിരവധി ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. റവന്യൂ മന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. പൊതുജനങ്ങൾക്ക് 0471 - 25 18 655 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

*********************

## K RAJAN

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ നാലായിരത്തോളം ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയതായി മന്ത്രി കെ.രാജൻ. ആറു ലക്ഷത്തിലധികം ജനങ്ങളെ പാർപ്പിക്കാൻ സൗകര്യമുള്ള ക്യാമ്പുകളാണ് സംസ്ഥാനത്തുടനീളം ക്രമീകരിച്ചിരിക്കുന്നത്.

മഴക്കാലത്ത് രോഗങ്ങൾ പടരാൻ സാധ്യതയുള്ളതിനാൽ അസുഖമുള്ളവരെ താമസിപ്പിക്കാൻ ക്യാമ്പുകളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

*********************

## IMD-WEATHER

കൊങ്കൺ, ഗോവ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യത എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കർണാടകയുടെ തീരപ്രദേശങ്ങളിലും തെക്കൻ ഉൾപ്രദേശങ്ങളിലും ഛത്തീസ്ഗഢ്, മാഹി, തമിഴ്നാട്, പുതുച്ചേരി, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ഹിമാചൽ പ്രദേശിൽ ഇന്ന് ആലിപ്പഴ വർഷമുണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

*********************

## PM-NEHRU

രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 61-ാാം ചരമ വാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു. ന്യൂഡൽഹിയിലെ നെഹ്റുവിന്റെ സമാധിസ്ഥലമായ ശാന്തി വനത്തിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, കെ.സി വേണുഗോപാൽ തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. തിരുവനന്തപുരത്തെ കെപിസിസി ആസ്ഥാനത്ത് ജവഹർലാൽ നെഹ്റു അനുസ്മരണം സംഘടിപ്പിച്ചു.

*********************

## CONTAINER ALERT

കൊച്ചി തീരത്ത് ചരക്ക് കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിൽ വീണ കണ്ടെയ്നറുകളിൽ ചിലത് തിരുവനന്തപുരത്തെ കടൽത്തീരങ്ങളിൽ അടിഞ്ഞു. അധികൃതർ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി. വർക്കല, അഞ്ച് തെങ്ങ്, ഇടവ, അയിരൂർ ഭാഗങ്ങളിലാണ് പ്രധാനമായും കണ്ടെയ്നറുകൾ അടിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടത്. അതിനിടെ കൊല്ലം പോർട്ടിലെത്തിച്ച ഒരു കണ്ടെയ്നർ ക്രെയിൻ ഉപയോഗിച്ച് വാർഫിലേക്ക് മാറ്റി.

*********************

## BYELECTION

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള സ്ഥാനാർഥി നിർണ്ണയ ചർച്ചകൾ ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ആര്യാടൻ ഷൗക്കത്തിനെ UDF സ്ഥാനാർത്ഥിയായി ഇന്നലെ പ്രഖ്യാപിച്ചിരുന്നു. നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് അടുത്ത മാസം 19 ന് നടക്കും. 23 ന് ആണ് വോട്ടെണ്ണൽ.

********************

## MISRI-USA

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ മൂന്ന് ദിവസത്തെ യു.എസ്.എ സന്ദർശനം ഇന്ന് ആരംഭിക്കും. യു.എസ് ഭരണകൂടത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി വാഷിംഗ്ടൺ ഡി.സിയിൽ അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഈ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി നടത്തിയ അമേരിക്കൻ സന്ദർശനത്തിന്റെ തുടർച്ചയായാണ് മിസ്രിയുടെ സന്ദർശനം.

********************

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ലക്നൗവിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി പഞ്ചാബ് കിങ്സ് ഒന്നാം ക്വാളിഫയർ യോഗ്യത നേടിയിരുന്നു. പോയിന്റ് പട്ടികയിൽ പഞ്ചാബ് ആണ് ഒന്നാം സ്ഥാനത്ത്.

********************

## DAY. SINGAPORE OPEN

സിംഗപ്പൂർ ഓപ്പൺബാഡ്മിന്റൺ മിക്സഡ് ഡബിൾസിൽ, ഇന്ത്യയുടെ തനിഷ ക്രാസ്റ്റോ, ധ്രുവ് കപില സഖ്യം ടൂർണമെന്റിൽ നിന്നും പുറത്തായി. ചൈനീസ് സഖ്യത്തോടാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെട്ടത്. വനിതാ സിംഗിൾസിൽ, മാൾവിക ബൻസോദ് തായ്‌ലൻഡ് താരത്തിനെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ പരാജയപ്പെട്ടു.

********************

## SENSEX+GOLD

രാജ്യത്തെ  ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 531 പോയിന്റ് ഇടിഞ്ഞ് 81,645 ലും നിഫ്റ്റി 145 പോയിന്റ് നഷ്ടത്തിൽ 24,857 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. ഗ്രാമിന് 45 രൂപ വർധിച്ച് എണ്ണായിരത്തി 995 രൂപയും പവന് എഴുപത്തി ഒന്നായിരത്തി 960 രൂപയുമാണ് ഇന്നത്തെ വില.

********************

## PARAM VIR CHAKRA

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുന്ന വേളയിൽ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്തു കൊണ്ട് പ്രത്യേക പരമ്പര അവതരിപ്പിച്ച് ആകാശവാണി വാർത്തകൾ. 1962 ലെ ഇന്ത്യ-ചൈന യുദ്ധത്തിൽ ജീവത്യാഗം ചെയ്ത പരം വീര ചക്ര ജേതാവ് മേജർ ഷൈതാൻ സിങ്ങിനെയാണ് ഇന്നത്തെ പരിപാടിയിൽ അനുസ്മരിക്കുന്നത്.

********************

## PUDUCHERRY-YOGA DAY

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനത്തിനു മുന്നോടിയായി യോഗ മഹോത്സവ് 2025 നു പുതുച്ചേരിയിൽ തുടക്കമായി. കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ് പരിപാടി ഉദ്ഘാടനം ചെയ്തു. ആരോഗ്യകരമായ ഭാവിക്ക് യോഗ അവിഭാജ്യ ഘടകമാണെന്ന് അദ്ദേഹം പറഞ്ഞു.

********************

***********

******